## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1910 05.10.2016-ന് മറുപടിയ്ക്ക്**

## പറമ്പിക്കുളം - ആളിയാർ റോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ബാബു** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പറമ്പിക്കുളം - ആളിയാർ കരാറുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലനിൽക്കുന്നത് കാരണം പറമ്പിക്കുളം വന്യജീവി സങ്കേതത്തിലേക്കുള്ള യാത്രാ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഈ ഓണക്കാലത്ത് ഒരാഴ്ചയോളം നമ്മുടെ സംസ്ഥാനത്തെ വാഹനങ്ങൾക്ക് പറമ്പിക്കുളത്തേക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | 12.09.2016-ന് തമിഴ്നാട് ജലസേചന വകുപ്പ് ജീവനക്കാരെന്ന വ്യാജേന അനധികൃതമായി പറമ്പിക്കുളം കടുവാസങ്കേതത്തിനകത്ത് പ്രവേശിക്കുവാൻ ശ്രമിച്ച കുറച്ചുപേരെ പറമ്പിക്കുളം കടുവാ സങ്കേതത്തിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. തുടർന്ന് ആളുകളെ പ്രകോപിപ്പിക്കുന്നതിനായി പറമ്പിക്കുളം ആളിയാർ പ്രോജക്ട് അധികൃതർ, പി.എ.പി. കോളനിയിലെ ആളുകളുടെ കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിന് വേണ്ടിയുള്ള യാത്രാവാഹനം നിർത്തലാക്കി. ഇതിനെ തുടർന്ന് കോളനിയിലെ ഏതാനും ആളുകൾ പൊതുവാഹനങ്ങളും വനംവകുപ്പിന്റെ വാഹനങ്ങളും ബലമായി തടയുകയും പൊതുഗതാഗതം പൂർണ്ണമായി തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. ഇപ്രകാരം ക്രമസമാധാനം തകർക്കുവാൻ ശ്രമിച്ചതിനെതിരെ കേരള പോലീസ് നടപടി സ്വീകരിച്ചിരുന്നു. ടി പോലീസ് നടപടിയിൽ പ്രതിഷേധിച്ച് ചില തമിഴ് സംഘടനകളും ഏതാനും പി.എ.പി കോളനിക്കാരും പറമ്പിക്കുളത്തേക്കുള്ള വാഹനങ്ങൾ തടയുകയും യാത്ര തടസ്സപ്പെടുത്തുകയും ഇക്കഴിഞ്ഞ ഓണക്കാലത്ത് ഒരാഴ്ചയോളം കേരള സംസ്ഥാനത്തെ വാഹനങ്ങൾക്ക് പറമ്പിക്കുളത്തേക്ക് സേത്തുമട ചെക്ക് പോസ്റ്റ് വഴി പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനായി നമ്മുടെ സംസ്ഥാനത്തുകൂടി ഒരു റോഡ് അടിയന്തരമായി നിർമ്മിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; വിശദാംശം നൽകുമോ? | (സി) | സർക്കാർ ഈ വിഷയം പഠിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് നിലവിൽ പ്രൊപ്പോസൽ ഒന്നും ഇല്ല. |

**സെക്ഷൻ ഓഫീസർ**